**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **02-02-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് , പ്രത്യേകിച്ച് പച്ചക്കറികൾക്ക്, വലിയതോതിൽ ഉണ്ടാകുന്ന വിലവർദ്ധനവ് നിയന്ത്രിക്കാൻ സർക്കാർ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.. |
| (ബി) | നിലവിൽ സംസ്ഥാനത്ത് ന്യായവിലയ്ക്ക് പച്ചക്കറികൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം -Iആയി ചേർക്കുന്നു.. |
| (സി) | വിഷരഹിതവും ഭക്ഷ്യയോഗ്യവുമായ പച്ചക്കറികൾ സംസ്ഥാനത്ത് മുഴുവനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (ഡി) | വ്യാപകമായ രാസവളപ്രയോഗം മൂലം വിഷാംശങ്ങൾ അടങ്ങിയ പച്ചക്കറികൾ ഭക്ഷിക്കുന്നതിനാൽ ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പഠനവിധേയമാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

കേരളത്തിലെ പഴം പച്ചക്കറി കൃഷി കാലാവസ്ഥ അധിഷ്ഠിതവും ഉത്സവകാല വിപണിയെ മുന്നിൽക്കണ്ടുമാണ് ഉള്ളത്. അതിനാൽ കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തുന്നത് മുൻ വർഷങ്ങളിലെ അനുഭവത്തിൽ നിന്ന് മുൻകൂട്ടി മനസിലാക്കാൻ സാധിക്കും. എന്നാൽ അപ്രതീക്ഷിത കാലാവസ്ഥാ വ്യതിയാനങ്ങളും. പ്രകൃതി ക്ഷോഭം മൂലവും കൃഷി നാശം സംഭവിക്കുകയും, കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത കുറയുകയും. വിപണിയിൽ വില വർധന ഉണ്ടാകുകയും ചെയ്യാറുണ്ട്.

സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാധീതമായി ഉയരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തുകയും. ഓണം, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ ഹോർട്ടികോർപ്പ് ഉപഭോക്താക്കൾക്ക് സബ് സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ. വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു.

കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പഴം പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, തമിഴ് നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ്, തമിഴ്നാട് കാർഷിക വിപണന വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പ് വച്ച് സംഭരണം നടത്തി മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തിവരുന്നു.

പഴം-പച്ചക്കറികൾക്ക് പൊതുവിപണിയിൽ ഉണ്ടാകുന്ന വിലവർദ്ധനവ് ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി ചില്ലറ വിൽപ്പനക്കായി 63 തളിർ-ഗ്രീൻ ഔട്ട് ലെറ്റുകളും, 47 സസ്യ ഔട്ട് ലൈറ്റുകളും, 2 തളിർ സൂപ്പർ മാർക്കറ്റുകളും വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ എക്കോഷോപ്പുകൾ,. എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവ മുഖേന ആതാതു ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

വിഷരഹിതവും ഭക്ഷ്യയോഗ്യവുമായ പച്ചക്കറികൾ സംസ്ഥാനത്ത് മുഴുവനും ലഭ്യമാക്കാൻ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 600 ലക്ഷം രൂപ വകയിരുത്തി ജൈവ കാർഷിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലൂടെ വിഷമുക്തമായ പച്ചക്കറികളുടെയും മറ്റ് ഭക്ഷ്യവിളകളുടെയും ഉല്പാദനത്തിനുള്ള പരിശീലനങ്ങളും അവബോധവും കർഷകർക്ക് ഇടയിൽ വ്യാപകമായി നടപ്പിലാക്കി വരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൈവ കൃഷി തോട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തൽ അംഗീകൃത ഏജൻസികൾ മുഖാന്തിരം (National Programme for Organic Production (NPOP) Certification).

2023-24 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് NPOP സർട്ടിഫിക്കേഷൻ. ആയതിനു പ്ലാൻ ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തി കൊണ്ട് കുറഞ്ഞത് 650 കൃഷിയിടങ്ങൾക്കു NPOP സാക്ഷ്യപത്രം മൂന്ന് വർഷം കൊണ്ട് ലഭ്യമാക്കുന്നു.

2. ഉത്തമ കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്റർ രൂപീകരിക്കൽ,

പച്ചക്കറി കൃഷി സ്ഥിരമായി ചെയ്യുന്ന 1000 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്ത് അവയെ ഉത്തമ കാർഷിക മുറകൾ പാലിച്ച് സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നവയാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ആയതിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ 1000 ക്ലസ്റ്ററുകൾ അനുവദിച്ചതിൽ നാളിതുവരെ 611 ക്ലസ്റ്ററുകൾ ഉത്തമ കാർഷിക മുറകൾ പാലിക്കുന്നവയാക്കി മാറ്റിയിട്ടുണ്ട്. ക്ലസ്റ്ററൊന്നിന് Rs.10,000 രൂപ സബ്സിഡി നിരക്കിൽ ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. <u>ജൈവ വള ഉല്പാദനത്തിനുള്ള പ്രോത്സാഹനം</u>

(3.1) പച്ചില വള വിത്തുകളുടെ വിതരണവും പച്ചില വളപ്രയോഗവും എന്ന പദ്ധതി ഘടകത്തിലൂടെ മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനായി പച്ചില വള വിത്തുകളുടെ വിതരണം നടത്തുന്നതിന് ₹3000 രൂപ നിരക്കിൽ 1000 ഹെക്ടറിന് ₹30.00 ലക്ഷം രൂപ വകയിരുത്തി. ഡയ്‌ഞ്ച, ചണമ്പ്, കിലുക്കി മുതലായ പയറുവർഗ്ഗ പച്ചില വള വിത്തുകൾ 1000 ഹെക്ടർ സ്ഥലത്ത് വിതക്കുകയും ചെയ്തു.

(3.2) ജൈവ വള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക എന്ന പദ്ധതി ഘടകത്തിലൂടെ 30 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി പ്രതിവർഷം 2.5 ടൺ വരെ ഉത്പാദന ക്ഷമതയുള്ള 46 യൂണിറ്റുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

4. സംസ്ഥാന കൃഷി വകുപ്പ് സ്ഥാപനമായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) മുഖാന്തരം സ്വയംസഹായ സംഘങ്ങൾക്ക് ജൈവ പഴം, പച്ചക്കറി കൃഷിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5.ബയോഗ്യാസ് പ്ലാന്റ് നിർമാണത്തിനുള്ള അധിക ധനസഹായത്തിനായി 72 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-III

അമിതമായ രാസവളപ്രയോഗം, കീടനാശിനി ഉപയോഗം എന്നിവ മൂലം ഭക്ഷണ സാധനങ്ങളിൽ മാരകമായ വിഷാംശങ്ങൾ ചേരുന്നതായി കണ്ടെത്തുന്നുണ്ട്. ഇതുമൂലം നിരവധി രോഗങ്ങൾ ഉണ്ടാകുമെന്നതിനെപ്പറ്റി പലവിധ റിപ്പോർട്ടുകളുമുണ്ട്. ക്യാൻസർ പോലുള്ള ആരോഗ്യപ്രശ്നങ്ങൾ ഇതുമൂലം സമൂഹത്തിലുണ്ടാകുന്നു എന്നത് ശാസ്ത്രീയ പഠനങ്ങളിലൂടെ തെളിയിക്കേണ്ടതാണ്. കേരളത്തിൽ വിഷലിപ്തമായ പച്ചക്കറികളുടെ ഉപയോഗം കുറയ്ക്കുന്നതിനായും ഇതരസംസ്ഥാനങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വരവ് കുറക്കുന്നതിനും വേണ്ടിയാണ് സംസ്ഥാനസർക്കാർ 'സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് എന്ന ലക്ഷ്യം മുൻനിർത്തി വിവിധ ജൈവ/പ്രകൃതി കൃഷി പദ്ധതികൾ പ്രോത്സാഹിപ്പിച്ച് നടപ്പിലാക്കി വരുന്നത്. സംസ്ഥാന ആവിഷ്കൃത പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി കേന്ദ്ര-സംസ്ഥാന പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നിവയിലൂടെ സംസ്ഥാനത്ത് വിഷമുക്തമായ പച്ചക്കറികളുടെയും മറ്റു ഭക്ഷ്യ വിളകളുടെയും ഉത്പാദനത്തിനും കർഷകർക്കിടയിൽ ജൈവ കൃഷിയെ കുറിച്ചുള്ള അവബോധവും താത്പര്യവും ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെയും . സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലെയും അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹായത്തോടെ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം കേരള കാർഷിക സർവ്വകലാശാല നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണികൾ എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശി അവശിഷ്ട പരിശോധന നടത്തുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala. gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സംസ്ഥാനം പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തമാകാൻ ഞങ്ങളും കൃഷിയിലേക്ക്, ജൈവ കൃഷി മിഷൻ, പോഷകസമൃദ്ധി മിഷൻ എന്നീ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ